# കേരളീയം റെയ്ഡ്: രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക പ്രവർത്തകരുടെ പ്രതിഷേധ പ്രസ്താവന

**കഴിഞ്ഞ** 17 വർഷമായി പരിസ്ഥിതി-മനുഷ്യാവകാശ വിഷയങ്ങൾക്ക് ഊന്നൽ നൽകി പ്രസിദ്ധീകരിക്കുന്ന കേരളീയം മാസികയുടെ തൃശൂർ ഓഫീസ് 2014 ഡിസംബർ 22 അർദ്ധരാത്രി ഒരുമണിയോടെ പോലീസ് റെയ്ഡ് ചെയ്തു. നാൽപ്പതിൽ അധികം വരുന്ന സായുധരായ പോലീസ് സേനയാണ് റെയ്ഡ് നടത്തിയത്. കേരളീയം മാസികയുടെ കോപ്പികൾ കണ്ടുകെട്ടുകയും കേരളീയം നടത്തിയ പരിപാടികളുടെ നോട്ടീസുകൾ, പുസ്തകങ്ങൾ തുടങ്ങിയ കൊണ്ടുപോവുകയും ചെയ്തു. കേരളീയം ഓഫീസിൽ താമസിച്ചിരുന്ന അജ്‌ലാൽ (മാർക്കറ്റിംഗ് മാനേജർ, കേരളീയം), വിശ്വനാഥൻ ആലത്ത് (പരിസ്ഥിതി പ്രവർത്തകൻ), സന്തോഷ് (യൂത്ത് ഡയലോഗ്) തുടങ്ങിയവരെ കസ്റ്റഡിയിലെടുത്ത് തൃശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി ചോദ്യം ചെയ്തു. വിശദമായി ചോദ്യം ചെയ്ത ശേഷം രാവിലെ 8.30 ഓടെ ഇവരെ വിട്ടയച്ചു. രഹസ്യപോലീസ് നൽകിയ വിവരമനുസരിച്ചാണ് കേരളീയം റെയ്ഡ് ചെയ്തതെന്നാണ് പോലീസിന്റെ വിശദീകരണമെങ്കിലും എന്തായിരുന്നു റെയ്ഡിന്റെ ഉദ്ദേശമെന്ന് വ്യക്തമാക്കാൻ പോലീസ് തയ്യാറായില്ല. കേവലം ഒരു മാധ്യമ സ്ഥാപനമെന്നതിനപ്പുറം വിവിധ ധാരകളിൽപ്പെട്ട പരിസ്ഥിതി-മനുഷ്യാവകാശ-ജനകീയ സമരപ്രവർത്തകരുടെ ഒരു പൊതുഇടം കൂടിയാണ് കേരളീയം. സാംസ്കാരിക പ്രവർത്തകർ, കലാ പ്രവർത്തകർ, ഗവേഷകർ, വിദ്യാർത്ഥികൾ തുടങ്ങിയ സമൂഹത്തിന്റെ നാനാതുറകളിലുള്ളവർ ദൈനംദിനം ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കൂട്ടായ്മയുടെ ഒരു കേന്ദ്രം കൂടിയാണ് കേരളീയം. കേരളത്തിലെമ്പാടും ഇന്ത്യയുടെ പലഭാഗങ്ങളിലും നടന്നുവരുന്ന നിരവധി പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളും സമരങ്ങളുമായി കണ്ണിചേർന്നാണ് കേരളീയം പ്രവർത്തിച്ചുവരുന്നത്. ആദിവാസി-ദളിത് ജനവിഭാഗങ്ങളുടെ അവകാശങ്ങൾക്കായി നടത്തിവരുന്ന പോരാട്ടങ്ങൾക്കും കേരളീയം സജീവമായ പിന്തുണ നൽകുന്നുണ്ട്. ലിംഗനീതി, ഉപഭോക്തൃ അവകാശങ്ങൾ, ജൈവകൃഷി, ബദൽ വിപണി, ജനകീയ വിദ്യാഭ്യാസം, മതേതരജീവിതം, മാനവിക തത്വചിന്ത, ഭരണസുതാര്യത, ജനാധികാരം തുടങ്ങിയ നിരവധി വിഷയങ്ങളിൽ ആശയരൂപീകരണം നടത്തുന്നതിന് കേരളീയം ശ്രമിച്ചിട്ടുണ്ട്. ജനാധിപത്യ നിലപാടുകളിലും അഹിംസാത്മക പ്രതിരോധങ്ങളിലും ഉറച്ചുനിന്നുകൊണ്ടാണ് കേരളീയം പ്രവർത്തിക്കുന്നത്. പ്ലാച്ചിമട, കൂടംകുളം, എൻഡോസൾഫാൻ, കാതിക്കുടം, ചെങ്ങറ, മുത്തങ്ങ, അരിപ്പ, ആദിവാസി നിൽപ്പ് സമരം, ദേശീയപാത സംരക്ഷണ സമരം, മൂലമ്പിള്ളി കുടിയൊഴിപ്പിക്കൽ, ലാലൂർ-ഞെളിയമ്പറമ്പ്-വിളപ്പിൽശാല മലിനീകരണ വിരുദ്ധ സമരങ്ങൾ, പശ്ചിമഘട്ട സംരക്ഷണം തുടങ്ങിയ ജനകീയ സമരങ്ങളുമായും പ്രസ്ഥാനങ്ങളുമായും സജീവബന്ധം പുലർത്തിക്കൊണ്ട് കേരളത്തിന്റെ ജനകീയ മാധ്യമ പ്രവർത്തനത്തിന്റെ ചരിത്രത്തിൽ സവിശേഷമായ ഒരിടം സ്ഥാപിച്ചിട്ടുള്ള ചരിത്രമാണ് കേരളീയത്തിനുള്ളത്. ഇത്തരത്തിലുള്ള ഒരു പ്രസിദ്ധീകരണത്തിന് നേരെ അർദ്ധരാത്രിയിൽ സായുധ പോലീസ് നടത്തിയ റെയ്ഡിൽ ഞങ്ങൾ ശക്തമായി പ്രതിഷേധിക്കുന്നു. അടിയന്തിരാവസ്ഥ കാലത്തെ ഓർമ്മിപ്പിക്കും വിധമുള്ള നടപടിയാണ് പോലീസിന്റെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്നത്. അടിയന്തിരാവസ്ഥ കാലത്ത് മാത്രമാണ് ഇത്തരത്തിൽ മാധ്യമ സ്ഥാപനങ്ങൾ പോലീസ് വേട്ടയ്ക്ക് വിധേയമാക്കപ്പെട്ടിട്ടുള്ളത്. മാധ്യമ സ്വാതന്ത്ര്യത്തിന് നേരെയുള്ള ഒരു കടന്നുകയറ്റം കൂടിയായാണ് ഈ നടപടിയെ ഞങ്ങൾ കാണുന്നത്. റെയ്ഡിന് മുമ്പോ ശേഷമോ ഇതുസംബന്ധിച്ച വിവരം കേരളീയത്തിന്റെ നടത്തിപ്പുകാരെ അറിയിക്കുന്നതിനുള്ള സാമാന്യമര്യാദ പോലും കാണിച്ചിട്ടില്ലെന്ന് മാത്രമല്ല, തികഞ്ഞ ധാർഷ്ട്യത്തോടുകൂടിയ മറുപടിയാണ് ഇക്കാര്യത്തിൽ ആഭ്യന്തര മന്ത്രിയുടെ പക്കൽ നിന്നും ഉണ്ടായിട്ടുള്ളത്.

കേരളത്തിൽ ആവർത്തിച്ചുണ്ടാകുന്നതായി പറയപ്പെടുന്ന മാവോയിസ്റ്റ് ഇടപെടലുകളുടെ ഉറവിടം കണ്ടെത്തുന്നതിൽ ഇരുട്ടിൽത്തപ്പുന്ന പോലീസ് തികച്ചും അഹിംസാത്മകമായ ജനകീയ പ്രതിഷേധങ്ങളിൽ ഏർപ്പെടുന്നവരെ അകാരണമായി വേട്ടയാടുന്ന പരിഹാസ്യമായ സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. കേരള സർക്കാറിന്റെ ഇന്റലിജൻസ് സംവിധാനങ്ങളുടെ ദയനീയ പരാജയം കൂടിയാണ് ആവർത്തിച്ചുള്ള ഇത്തരം സംഭവങ്ങൾ വെളിപ്പെടുത്തുന്നത്. മുമ്പ് പലതവണയും കേരളീയത്തെക്കുറിച്ച് അന്വേഷിച്ച് എത്തിയ സ്പെഷ്യൽ ബ്രാഞ്ച് പോലീസ് ഉദ്യോഗസ്ഥർക്ക് കേരളീയം മാസിക എന്താണെന്ന വ്യക്തമായ വിശദീകരണം നൽകിയിട്ടും സംശയത്തിന്റെ പേരിൽ കേരളീയം റെയ്ഡ് ചെയ്ത് മാസികയുടെ കോപ്പികൾ പിടിച്ചുകൊണ്ട് പോകുന്നത് സാമാന്യയുക്തിക്ക് നിരക്കാത്തകാര്യമാണ്. ആഭ്യന്തര സുരക്ഷ എന്നതിനെ ഫണ്ട് വെട്ടിക്കുന്നതിനും ജനകീയ സമരങ്ങളെ അടിച്ചമർത്തുന്നതിനുമുള്ള ഉപാധിയാക്കി മാറ്റുകയാണ് ഭരണകൂടം. ജനകീയ സമരങ്ങളുടെയും പരിസ്ഥിതി-സാമൂഹിക-മനുഷ്യാവകാശ പ്രവർത്തനങ്ങളുടെയും ഒരു പൊതു പ്ലാറ്റ്ഫോം തകർക്കുന്നതിനുള്ള ശ്രമമാണ് കേരളീയം മാസികയുടെ ഓഫീസ് റെയ്ഡ് ചെയ്തതിലൂടെ ഭരണകൂടം നടത്തിയിരിക്കുന്നത്. മാധ്യമ സ്വാതന്ത്ര്യത്തെയും മൗലികാവകാശത്തെയും ലംഘിക്കുന്ന പോലീസിന്റെ ഈ അസാധാരണ നടപടിയിൽ ഞങ്ങൾ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

1. മേധാ പട്കർ (ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യം), 2. അഡ്വ. പ്രശാന്ത് ഭൂഷണൻ (അഭിഭാഷകൻ, ആം ആദ്മി പാർട്ടി) 3. ആനന്ദ് (എഴുത്തുകാരൻ), 4. സക്കറിയ (എഴുത്തുകാരൻ), 5. ബി.ആർ.പി. ഭാസ്കർ (മാധ്യമ പ്രവർത്തകൻ), 6. സി.എൻ. ജയദേവൻ (എം.പി. തൃശൂർ) 7. കെ. സച്ചിദാനന്ദൻ (എഴുത്തുകാരൻ), 8. എൻ.എസ്. മാധവൻ (എഴുത്തുകാരൻ), 9. പ്രൊഫ. കെ.ജി. ശങ്കരപ്പിള്ള (എഴുത്തുകാരൻ), 10. കെ. വേണു (സാമൂഹിക പ്രവർത്തകൻ), 11. ഡോ. എം.പി. പരമേശ്വരൻ (കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്), 12. ഡോ. എം.കെ. പ്രസാദ് (എഡിറ്റർ, ശാസ്ത്രഗതി), 13. ഡോ. സി.ടി.എ

സ്. നായർ (മുൻ വൈസ് ചെയർമാൻ, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ), 14. ഡോ. രാജൻ ഗുരുക്കൾ (മുൻ വൈസ് ചാൻസ്‌ലർ, മഹാത്മഗാന്ധി സർവ്വകലാശാല), 15. ഡോ. ബി. ഇക്ബാൽ (മുൻ വൈസ് ചാൻസ്‌ലർ, കേരള സർവ്വകലാശാല), 16. പി. ടി. തോമസ് (മുൻ എം.പി. കോൺഗ്രസ്) 17. സാറാ ജോസഫ് (ആം ആദ്മി പാർട്ടി), 18. എൻ.പി. രാജേന്ദ്രൻ (ചെയർമാൻ, കേരള പ്രസ് അക്കാദമി), 19. രാം പുനിയാനി (എഴുത്തുകാരൻ), 20. ഡോ. ടി.ടി. ശ്രീകുമാർ (അധ്യാപകൻ, എഴുത്തുകാരൻ), 21. കുട്ടി അഹമ്മദ് കുട്ടി (മുൻ മന്ത്രി), 22. ബിനോയ് വിശ്വം (മുൻ മന്ത്രി, സി.പി.ഐ), 23. കെ.പി. രാജേന്ദ്രൻ (മുൻ മന്ത്രി, സി.പി.ഐ), 24. ബാബു ഭരദ്വാജ് (എഴുത്തുകാരൻ), 25. ഡോ. ജെ. ദേവിക (അസോസിയേറ്റ് പ്രൊഫസർ, സി.ഡി.എസ്), 26. അഡ്വ. പി.എ. പൗരൻ (പി.യു.സി.എൽ), 27. ജോഷി ജോസഫ് (ചലച്ചിത്രകാരൻ), 28. രാകേഷ് ശർമ്മ (ചലച്ചിത്രകാരൻ), 29. കെ.പി. ശശി (ചലച്ചിത്രകാരൻ, ആക്ടിവിസ്റ്റ്), 30. ഡോ. മനീഷ സേത്തി (അധ്യാപിക, ജാമിയ മിലിയ ഇസ്ലാമിയ യൂണിവേഴ്‌സിറ്റി, ഡൽഹി) 31. അജിത്ത് സാഹി (മാധ്യമ പ്രവർത്തകൻ), 32. ഫാ. സിഡ്രിക് പ്രകാശ് (മനുഷ്യാവകാശ പ്രവർത്തകൻ), 33. കെ.കെ. ഷാഹിന (മാധ്യമ പ്രവർത്തക), 34. കെ.കെ. രമ (ആർ.എം.പി), 35. അഷ്ടമൂർത്തി (എഴുത്തുകാരൻ), 36. റഫീക്ക് അഹമ്മദ് (കവി, ഗാനരചയിതാവ്), 37. കെ. അജിത (സാമൂഹിക പ്രവർത്തക), 38. ഡോ. വി.എസ്. വിജയൻ (പരിസ്ഥിതി ശാസ്ത്രജ്ഞൻ), 39. ഡോ. പി.വി. കൃഷ്ണൻ നായർ (സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി), 40. സി.ആർ. നീലകണ്ഠൻ (പരിസ്ഥിതി പ്രവർത്തകൻ), 41. ജിയോ ജോസ് (ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യം), 42. എം. ഗീതാനന്ദൻ (ആദിവാസി ഗോത്രമഹാസഭ), 43. സി.കെ. ജാനു (ആദിവാസി ഗോത്രമഹാസഭ), 44. എസ്. ഫെയ്‌സി (പരിസ്ഥിതി ശാസ്ത്രജ്ഞൻ) 45. പ്രിയനന്ദൻ (ചലച്ചിത്രകാരൻ), 46. ശിഹാബുദ്ദീൻ പൊയ്ത്തുംകടവ് (എഡിറ്റർ, ചന്ദ്രിക ആഴ്ച്ചപ്പതിപ്പ്), 47. പി.ജെ. ജെയിംസ് (സി.പി.ഐ. എം.എൽ), 48. പി. സുരേന്ദ്രൻ (എഴുത്തുകാരൻ), 49. പ്രൊഫ. കുസുമം ജോസഫ് (ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യം), 50. ഫാ. അഗസ്റ്റിൻ വട്ടോലി, 51. എസ്.പി. രവി (ചാലക്കുടിപുഴ സംരക്ഷണ സമിതി), 52. ഡോ. കെ.എച്ച്. അമിതാബച്ചൻ (പശ്ചിമഘട്ട വേഴാമ്പൽ ഫൗണ്ടേഷൻ), 53. പി.ടി.എം. ഹുസൈൻ (ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യം), 54. ഡോ. വി.സി. ഹാരിസ് (അധ്യാപകൻ, മഹാത്മ ഗാന്ധി യൂണിവേഴ്‌സിറ്റി), 55. ഷീബ അമീർ (സൊലൈസ്), 56. സി. ഗൗരീദാസൻ നായർ (മാധ്യമ പ്രവർത്തകൻ, ദി ഹിന്ദു), 57. ഫാ. പ്രശാന്ത് (പ്രിൻസിപ്പൽ, സേക്രഡ് ഹാർട്ട് കോളേജ്, തേവര), 58. അറുമുഖൻ പത്തിച്ചിറ (പ്ലാച്ചിമട സമര-ഐക്യദാർഢ്യ സമിതി), 59. കെ.പി. സേതുനാഥ് (മാധ്യമപ്രവർത്തകൻ), 60. എം.ജി. രാധാകൃഷ്ണൻ (എഡിറ്റർ, ഏഷ്യാനെറ്റ് ന്യൂസ്), 61. വിജയരാഘവൻ ചേലിയ (സോഷ്യലിസ്റ്റ് പാർട്ടി), 62. സണ്ണി പൈകട (ഭക്ഷ്യസ്വരാജ്), 63. പി.ജെ. മോൻസി (ആർ.എം.പി), 64. കെ. സഹദേവൻ (സമ്പൂർണ്ണ ക്രാന്തി വിദ്യാലയം, ഗുജറാത്ത്), 65. കെ.പി. ഇല്യാസ് (കേരള ജൈവകർഷക സമിതി), 66. ഡോ. എം.എച്ച്. ഇല്യാസ് (റീഡർ, ജാമിയ മിലിയ ഇസ്ലാമിയ യൂണിവേഴ്‌സിറ്റി, ഡൽഹി), 67. ഡോ. എ.കെ. രാമകൃഷ്ണൻ (പ്രൊഫസർ, ജവഹർലാൽ നെഹറു യൂണിവേഴ്‌സിറ്റി, ഡൽഹി), 68. ഡോ. ടി.വി. മധു (പ്രൊഫസർ, കാലിക്കട്ട് സർകലാശാല),69. എൻ. സുബ്രഹ്മണ്യൻ (സാമൂഹിക പ്രവർത്തകൻ), 70. എം. സുൽഫത്ത് (അധ്യാപിക), 71. വിനു എബ്രഹാം (എഴുത്തുകാരൻ), 72. വിളയോടി വേണുഗോപാലൻ (ചെയർപേഴ്‌സൺ, പ്ലാച്ചിമട കൊക്കക്കോള വിരുദ്ധ സമര സമിതി), 73. ഡോ. ജി.ഡി. മാർട്ടിൻ (ഗവേഷകൻ), 74. വി.പി. വാസുദേവൻ (എഴുത്തുകാരൻ), 75. ടി.കെ. വാസു (സാമൂഹിക പ്രവർത്തകൻ), 76. പ്രൊഫ. പി. നാരായണ മേനോൻ (പാഠഭേദം), 77. ഡോ. എം.ആർ. ഗോവിന്ദൻ (സാമൂഹിക പ്രവർത്തകൻ), 78. കെ. അരവിന്ദാക്ഷൻ (എഴുത്തുകാരൻ), 79. സി.ആർ. പരമേശ്വരൻ (എഴുത്തുകാരൻ) 80. ഡോ. ടി.വി. സജീവ് (ശാസ്ത്രജ്ഞൻ, കെ.എഫ്.ആർ.ഐ), 81. ഡോ. ജാഫർ പാലോട്ട് (ശാസ്ത്രജ്ഞൻ, മലബാർ നാചറൽ ഹിസ്റ്ററി സൊസൈറ്റി), 82. മധു നാരായണൻ (അധ്യാപകൻ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്‌ട്രേഷൻ), 83. മങ്ങാട് രത്‌നാകരൻ (കവി, മാധ്യമപ്രവർത്തകൻ), 84. ഡോ. ആനന്ദൻ (സൈക്കാട്രിസ്റ്റ്, ദയ ഹോസ്പിറ്റൽ, തൃശൂർ), 85. കെ. രാമചന്ദ്രൻ (ആരോഗ്യ മനുഷ്യാവകാശ പ്രവർത്തകൻ), 86. ജോർജ്ജ് മാത്യു (എഡിറ്റർ, സ്പാർട്ടക്കസ് ജേർണൽ), 87. അഡ്വ. ജെസിൻ (ആക്ടിവിസ്റ്റ്, അഭിഭാഷക), 88. വി. മുരളീധരൻ (എഡിറ്റർ, കൂട് മാസിക), 89. ഡോ. കെ.എസ്. സുദീപ് (അദ്ധ്യാപകൻ, എൻ.ഐ.ടി കോഴിക്കോട്), 90. ഡോ. പി.കെ. ശശിധരൻ (അദ്ധ്യാപകൻ, സംസ്‌കൃത സർവ്വകലാശാല, കാലടി), 91. ഡോ. ജോസഫ് മക്കോളിൽ (ശാസത്രജ്ഞൻ, കുസാറ്റ്), 92. എൻ. ബാദുഷ (വയനാട് പ്രകൃതി സംരക്ഷണ സമിതി), 93. ഡോ. ദിനേശൻ ചെറുവാട്ട് (മലബാർ നാചറൽ ഹിസ്റ്ററി സൊസൈറ്റി, കോഴിക്കോട്), 94. ഡോ. കെ.എൻ. അജോയ് കുമാർ (മാസ് മൂവ്‌മെന്റ് ഫോർ സോഷ്യലിസ്റ്റ് ആൾട്ടർനേറ്റീവ്), 95. അനിൽ അക്കര (ജില്ല പഞ്ചായത്ത് അംഗം, തൃശൂർ), 96. ഡോ. പി. രൺജിത് (അദ്ധ്യാപകൻ, പി.ജി സെന്റർ, തൃശൂർ), 97. രാജീവ് ശങ്കരൻ (മാധ്യമ പ്രവർത്തകൻ, മീഡിയ വൺ), 98. വി. മോഹനൻ (ചിത്രകാരൻ, കോഴിക്കോട്), 99. കെ.എം. അനിൽകുമാർ (കാതിക്കുടം സമരസമിതി), 100. സന്തോഷ് കലഞ്ഞൂർ (ക്വാറി വിരുദ്ധ സമരപ്രവർത്തകൻ) 101. എം.എ. റഹ്മാൻ (എഴുത്തുകാരൻ, സാമൂഹിക പ്രവർത്തകൻ), 102. എം.ഡി. ഗ്രേസ് (സാമൂഹിക പ്രവർത്തക), 103. ആർ.ഐ. ഷംസുദ്ദീൻ (അങ്കണം സാംസ്‌കാരിക വേദി),104. ഡോ. പുത്തേഴത്ത് രാമചന്ദ്രൻ (സംസ്ഥാന പ്രസിഡന്റ്, കേരള ജനപക്ഷം), 105. കെ.വി. ബിജു (സ്വദേശി ആന്ദോളൻ, ദേശീയ സംഘടനാ സെക്രട്ടറി). 106. സി. രാവുണ്ണി (കവി, എഡിറ്റർ - നേരറിവ് മാസിക), 107. സജു പ്രസക്തി (പ്രസാധകൻ), 108. ഷംസുദ്ദീൻ വാത്യാടത്ത് (ജനറൽ സെക്രട്ടറി, കേരള ജേർണലിസ്റ്റ് യൂണിയൻ), 109. എസ്. ജോസഫ് (അദ്ധ്യാപകൻ, കവി), 110. കെ. ബഷീർ (ജൈവകൃഷി പ്രചാരകൻ, വിദ്യാഭ്യാസ ചിന്തകൻ), 111. അൻവർ അലി (കവി), 112. പി. രാമൻ (കവി), 113. പി.പി. രാമചന്ദ്രൻ (കവി), 114. വി.ടി. ജയദേവൻ (കവി), 115. പി. കൃഷ്ണൻ (അഭയം ചാരിറ്റബിൾ ട്രസ്റ്റ്, കൊപ്പം), 116. ശ്രീജ അറങ്ങോട്ടുകര (നാടക പ്രവർത്തക, ജൈവകർഷക), 117. ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ (എഴുത്തുകാരൻ) 118. സലീം ഇന്ത്യ (എഴുത്തുകാരൻ), 119. ഡോ. എബി കോശി (അധ്യാപകൻ, ശ്രീശങ്കര യൂണിവേഴ്‌സ്റ്റി), 120. ഡോ. റോസ് മേരി ജോർജ്ജ് (അധ്യാപിക, കേരള യൂണിവേഴ്‌സിറ്റി).... *തുടരും...*